**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1010** **02-02-2026 - ൽ മറുപടിയ്ക്ക്**

**വന്യജീവി ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 02/02/2022 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O(P)No.05/2022/F&WLD പ്രകാരം രൂപീകരിച്ച സംസ്ഥാന വന്യജീവി ബോർഡ് 2023 മുതൽ 2025 വരെ കാലയളവിൽ അഞ്ച് തവണ യോഗം ചേർന്നിട്ടുണ്ട്. 22/12/2025 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O (P) No. 26/2025/F&WLD പ്രകാരം സംസ്ഥാന വന്യജീവി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുള്ളതാണ്.<br>സംസ്ഥാന വന്യജീവി ബോർഡ് മുൻപാകെ വരുന്ന പ്രൊപ്പോസലുകൾ വിശദമായി പരിശോധിച്ച് അംഗീകാരം നൽകുകയും ആവശ്യമായവ ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. മുൻപ് നടന്ന യോഗത്തിന്റെ അജണ്ടകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിലയിരുത്തുന്നതിനായി ആയത് ഒരു അജണ്ട ഇനമായി ഉൾപ്പെടുത്തി വരുന്നു. |
| (ബി) | നിലവിലുള്ള ബോർഡിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | സർക്കാർ ഉത്തരവ് നമ്പർ G.O. (P) No. 26/2025/F&WLD തീയതി 22/12/2025 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള നിലവിലെ സംസ്ഥാന വന്യജീവി ബോർഡിലെ എക്സ്-ഒഫിഷ്യോ അല്ലാത്ത അംഗങ്ങളുടെ കാലാവധി, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് അല്ലെങ്കിൽ ടി അംഗത്തിന്റെ പിൻഗാമിയുടെ നാമനിർദ്ദേശം ചെയർപേഴ്സൺ അംഗീകരിക്കുന്ന തീയതി വരെ ആയിരിക്കും. |
| (സി) | ചട്ടപ്രകാരം വർഷത്തിൽ എത്ര യോഗമാണ് വന്യജീവി ബോർഡ് ചേരേണ്ടത് എന്ന് അറിയിക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; | (സി) | വർഷത്തിൽ രണ്ട് തവണ സംസ്ഥാന വന്യജീവി ബോർഡ് യോഗം ചേരേണ്ടതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം G.O(P)No.05/2022/F&WLD തീയതി 02.02.2022 പ്രകാരം പുനഃസംഘടിപ്പിച്ച സംസ്ഥാന വന്യജീവി ബോർഡ് 5 തവണ യോഗം ചേർന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ ബോർഡ് നിലവിൽ വരാത്തതിനാൽ ഭരണപരമായി പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | 22/12/2025 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O (P) No. 26/2025/F&WLD പ്രകാരം സംസ്ഥാന വന്യജീവി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (ഇ) | പുതിയ ബോർഡിന്റെ രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഇ) | 22/12/2025 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O (P) No. 26/2025/F&WLD പ്രകാരം സംസ്ഥാന വന്യജീവി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ